(6) കോന്നി നിയോജകമണ്ഡലത്തിലെ സോമൻപിള്ള എന്ന ആളിന്റെ ദുരൂഹമരണം

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജക മണ്ഡലത്തിൽ പ്രമാടം വില്ലേജിൽ പുത്തൻമഠത്തിൽ മേലേതിൽ സോമൻപിള്ള എന്ന ആളിനെ 30-6-2003 മുതൽ കാണാതായിട്ടുള്ളതാണ്. കാണാതായ സോമൻപിള്ള സി.ഐ.റ്റി.യു.-വിന്റെ മണൽവാരൽ തൊഴിലാളിയായിരുന്നു. 3-7-2003-ൽ വി. കോട്ടയം വില്ലേജിൽ പുതുശ്ശേരി ഏലായിൽ ഒരു അജ്ഞാത ജഡം കാണുകയുണ്ടായി. ആ ജഡം പരിശോധിച്ചപ്പോൾ സോമൻപിള്ളയുടേതാണെന്ന് മനസ്സിലാവുകയുണ്ടായി. അഴുകിയ ജഡത്തിന്റെ കൈകാലുകൾ വെട്ടി മാറ്റി മുഖം കരിച്ച സ്ഥിതിയിലാണ് കണ്ടത്. നിഷ്ഠൂരമായ ഈ കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ചവർ ആര് തന്നെയായാലും അവരെ കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. 18 ദിവസമായിട്ടുപോലും ഇതുവരെയും ഈ കേസിലെ പ്രതികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, പോസ്റ്റുമോർട്ടം പരിശോധനയിൽ സോമൻപിള്ളയെ ആരോ കൊലപ്പെടുത്തിയതാണെന്ന് കണ്ടതിനാൽ സി.ആർ.പി.സി. 174-ാം വകുപ്പ് മാറ്റി ഇൻഡ്യൻ ശിക്ഷാനിയമം 302-ാം വകുപ്പ് ചേർത്ത് അന്വേഷണം ആരംഭിച്ചു. കോന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതിയെക്കുറിച്ചുള്ള സൂചനകളൊന്നും ലഭിച്ചിട്ടില്ല. കേസന്വേഷണം ഊർജ്ജിതപ്പെടുത്താനും പ്രതികളെ കണ്ടെത്താനുമുള്ള പ്രത്യേക നിർദ്ദേശം പോലീസിന് കൊടുക്കാം.

(7) വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ അവകാശികൾക്കുള്ള നഷ്ടപരിഹാരത്തുക അടിയന്തിരമായി വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശ രാജ്യങ്ങളിൽവച്ച് മരണമടഞ്ഞ ആയിരക്കണക്കിനോളം മലയാളികളുടെ ആശ്രിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുകകൾ വിതരണം ചെയ്യപ്പെടാതെ വിവിധ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുകയാണ്. ഏകദേശം 10 കോടി രൂപ ഇത്തരത്തിൽ കളക്ടറേറ്റുകളിൽ വർഷങ്ങളായി വിതരണം ചെയ്യാതെ കിടക്കുന്നു. വിദേശ രാജ്യങ്ങളിലെ സ്പോൺസർമാരും ഇൻഷ്വറൻസ് കമ്പനികളും കോമ്പൻസേഷനായി അയച്ചുകൊടുത്ത തുകകളാണ് ഓരോ നിസ്സാര കാരണങ്ങൾ പറഞ്ഞ് തടഞ്ഞുവച്ചിട്ടുള്ളത്. തുക ലഭിക്കണമെങ്കിൽ 12 വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ള ഉദ്യോഗസ്ഥന്റെ ജാമ്യം, പാസ്പോർട്ടിലെയും റേഷൻകാർഡിലെയും പേരും ഇനിഷ്യലും തമ്മിലുള്ള ചേർച്ച അല്ലെങ്കിൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് തുടങ്ങിയ നിരവധി കടമ്പകളാണ് ഇവർക്ക് കടക്കാനുള്ളത്. ഇത് അവസാനിപ്പിച്ച് വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്നവരുടെ ആശ്രിതർക്ക് വിദേശത്തുനിന്ന് നൽകുന്ന നഷ്ടപരിഹാരത്തുക അവകാശികളുടെ സ്വന്തം ജാമ്യത്തിൽ ഉടൻതന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, വിദേശ രാജ്യങ്ങളിൽവച്ച് മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് അവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽനിന്നോ സർക്കാരിൽനിന്നോ ലഭിക്കേണ്ട ആനുകൂല്യങ്ങൾ അതാത് രാജ്യങ്ങളിലെ ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങൾ സ്വീകരിച്ച് ജില്ലാ കളക്ടർമാർക്ക് വിതരണത്തിന് അയച്ചുകൊടുക്കാറുണ്ട്. വർഷങ്ങളായി തുടർന്നു വരുന്ന ഈ വിതരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രക്രിയയ്ക്ക് നടപടിക്രമം നിശ്ചയിച്ചത് 1986-ലാണ്. അന്ന് വിദേശ മലയാളികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ആഭ്യന്തര വകുപ്പിൽനിന്ന് ജി.ഒ. (എംഎസ്.) 68/86/ഹോം എന്ന ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം മരണമടഞ്ഞവരുടെ അനന്തരാവകാശികൾക്ക് വിതരണം ചെയ്യേണ്ട തുക എമ്പസികളിൽനിന്ന് ലഭിക്കുമ്പോൾ ജില്ലാകളക്ടർമാർ ഗവൺമെന്റ് ട്രഷറികളിൽ നിക്ഷേപിക്കേണ്ടതാണ്. അങ്ങനെ, ആയിരക്കണക്കിനൊന്നുമില്ല ഏതാണ്ട് പത്ത്, മുന്നൂറ് പേരുടേതായിട്ട് 4,29,00,000-ത്തോളം രൂപ വിതരണം ചെയ്യാനായിട്ടുണ്ട്. അവകാശികൾ താഴെ പറയുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കാണ് ജില്ലാ കളക്ടർമാർ വിതരണം ചെയ്യുന്നത്. കോടതിയിൽനിന്ന് ലഭിക്കുന്ന Succession Certificate അല്ലെങ്കിൽ ബന്ധപ്പെട്ട തഹസീൽദാർ നൽകുന്ന അവകാശ സർട്ടിഫിക്കറ്റ്. 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻ നൽകുന്ന Indemnity bond, നഷ്ടോത്തരവാദ പത്രവും ശമ്പള സർട്ടിഫിക്കറ്റും. അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ്. ഇത് നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1986-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന രേഖകൾ സമർപ്പിക്കാൻ കാലതാമസം വരുന്നതിന്റെ ഒരു പ്രത്യേക കാരണം 12 വർഷം സർവ്വീസ് ബാക്കിയുള്ള സർക്കാർ ജീവനക്കാരന്റെ Indemnity bond-ഉം ശമ്പള സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകാതിരിക്കാൻ 1986-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

V. വ്യക്തിപരമായ വിശദീകരണം

16-7-2003-ലെ അടിയന്തിരപ്രമേയ നോട്ടീസിന് മറുപടി പറയവേ മുഖ്യമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച്

മി. സ്പീക്കർ: Sri P. S. Supal, What do you want to say? ഇതൊന്നും നടപടിക്രമത്തിൽ ഉള്ളതല്ല. ഈ വേഷത്തിൽ വന്നതുകൊണ്ട് എന്തെങ്കിലും പറയാൻ അനുവദിച്ചു എന്നേയുള്ളൂ.

ശ്രീ. പി. എസ്. സുപാൽ: അത്യന്തം ഹൃദയവേദനയോടും വിഷമത്തോടുമാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. എനിക്ക് സഭയിൽ നിൽക്കുവാനുള്ള ആരോഗ്യം പോലുമില്ല. പോലീസ് മർദ്ദനവും അതിനെത്തുടർന്ന് പോലീസ് മർദ്ദനത്തേക്കാൾ ഭീകരമായ അപവാദപ്രചരണവുമാണ് അധികാരികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ സാഹചര്യമുള്ളതുകൊണ്ടാണ് ഈ സഭയിൽവന്ന് യഥാർത്ഥ വസ്തുതകൾ എന്താണെന്നുള്ളതിനെ സംബന്ധിച്ച് പറയണമെന്ന് ആഗ്രഹിച്ചത്. അതിന് അനുമതി നൽകിയ അങ്ങയോട് നന്ദിയുണ്ട്. 15-ാം തീയതിയാണ് എ.ഐ.വൈ.എഫ്.-ന്റെ നേതൃത്വത്തിൽ കേരളത്തിലെ ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ മേഖലകളെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലുടനീളം സമരം സംഘടിപ്പിച്ചത്. തിരുവനന്തപുരത്ത് നിയമസഭയുടെ മുന്നിലേയ്ക്കായിരുന്നു മാർച്ച്. എ.ഐ.വൈ.എഫ്.-ന്റെ സംസ്ഥാന പ്രസിഡന്റ് കൂടിയായ ഞാൻ ആ മാർച്ചിന് നേതൃത്വം നൽകുകയാണുണ്ടായത്. പ്രസ്സ് ക്ലബ്ബിന്റെ മുമ്പിൽ നിന്നാണ് പ്രകടനം ആരംഭിച്ചത്. പ്രകടനം ആരംഭിച്ച സമയം മുതൽ പോലീസിന്റെ പ്രകോപന

LIBRARY ARCHIVES Kerala Legislative Assembly